# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൽ. എം. എസ്<br>എൽ. പി. എസ്<br>കുട്ടനിന്നതിൽ |
| ഉപജില്ല | : | നെയ്യാറ്റിൻകര |
| മാസ്റ്റർ പ്ലാനിന്റെ പേര് | : | സുവർണ ജാലകം |
| വർഷം | : | 2025 - 2026 |

# ABOUT OUR SCHOOL

| | | | |
|---|---|---|---|
| 1 | *NAME OF THE SCHOOL* | : | *LMS LPS KUTTANINNATHIL* |
| 2 | *GOVT\AIDED* | : | *AIDED* |
| 3 | *ESTABLISHED* | : | *1913* |
| 4 | *SUB DISTRICT* | : | *NEYYATTINKARA* |
| 5 | *BLOCK PANCHAYATH* | : | *PARASSALA* |
| 6 | *PANCHAYAT* | : | *THIRUPURAM* |
| 7 | *WARD & WARD NUMBER* | : | *PATHANAVILA-II* |
| 8 | *NAME OF CLUSTER* | : | *PARANIYAM* |
| 9 | *POST OFFICE WITH PINCODE* | : | *POOVAR, 695525* |
| 10 | *NAME OF HM WITH PHONE NUMBER* | : | *M L SUBI 8903534520* |
| 11 | *DISTRICT* | : | *THIRUVANANTHAPURAM* |
| 12 | *REVENUE DISTRICT* | : | *THIRUVANANTHAPURAM* |

## നിലവിലെ അവസ്ഥ

എൽ എം എസ് എൽ പി എസ് കുട്ടനിന്നതിൽ സ്കൂളിന് 6.30X5.65 X3.0 m. വിസ്തീർണ്ണമുള്ള ഒരു കോൺക്രീറ്റ് കെട്ടിടവും 28x6.5x3.40 m.വിസ്തീർണ്ണമുള്ള ഷീറ്റ് മേഞ്ഞ കെട്ടിടവും നിലവിലുണ്ട്.2013ൽ സഭയുടെയും മറ്റുള്ളവരുടെയും (SSG,LSG,PTA) സഹായത്തോടെ സ്കൂളിന്റെ ഉൾഭാഗം റൈറ്റൽസ് പാകി ഭംഗിപ്പെടുത്തിയിട്ടുണ്ട്.എം.എൽ.എ.എം പി ഫണ്ടുകളിൽ നിന്ന് ഒരു Dining Hall.ലഭിച്ചിട്ടുണ്ട്.എല്ലാ ക്ലാസ്സ്മുറികളിലും ഫാനും ലൈറ്റും ക്രമീകരിച്ചിട്ടുണ്ട്.കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റുകളും (ഷീറ്റ് മേഞ്ഞത്) ഉണ്ട്.കുടിവെള്ളത്തിനായി പൈപ്പിനെ ആശ്രയിക്കുന്നു.375 sqft ഉള്ള ഷീറ്റ് മേഞ്ഞ കെട്ടിടംകിച്ചൻ ആയി ഉപയോഗിക്കുന്നു.

ഇക്കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ വിദ്യാലയത്തിൽ മികവേറിയ ധാരാളം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എല്ലാദിനാഘോഷങ്ങളും വളരെ നന്നായി നടത്തുകയുണ്ടായി.പരിമിതമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തുവരുന്നു.

## 2025 – 2026 ഒറ്റനോട്ടത്തിൽ

| SL. NO. | CLASS | BOYS | GIRLS | TOTAL |
|---|---|---|---|---|
| 1 | I | 7 | 8 | 15 |
| 2 | II | 7 | 6 | 13 |
| 3 | III | 10 | 5 | 15 |
| 4 | IV | 6 | 13 | 19 |
| | | 30 | 32 | 62 |

HM - M L SUBI - 8903534520

LPSA - KALA L S - 9497638048

LPSA - V KUMARI LIJI - 8943516900

LPSA - D MABEL - 7306629909

Noon meal Cook- ASHA DAS.G

വായന പരിപോഷിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും വളരെ നല്ലരീതിയിൽ നടക്കുന്നു. ശ്രദ്ധ, മലയാളത്തിളക്കം ഇവയുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്.

ബാലകലോത്സവത്തിൽ നമ്മുടെ ചുണകുട്ടികൾ പങ്കെടുത്ത് കഥാകഥനത്തിന് എ ഗ്രേഡ് ഉൾപ്പടെ വിവിധ ഗ്രേഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. Metal Engraving, Fabric painting, Writing Chalk making എന്നിവയിൽ സബ്ജില്ലാതലത്തിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും ലഭിച്ചു. വിവിധ ക്വിസ് മത്സരങ്ങിലും പെയിന്റിംഗ് മത്സരത്തിലും, ലൈബ്രറി മത്സരങ്ങളിലും പങ്കെടുത്ത് വിജയം കരസ്ഥമാക്കിയിട്ടുണ്ട്. Ms. Ann Maria A R കരസ്ഥമാക്കി സ്കൂളിന് അഭിമാനമായി മാറി.

പഠനനേട്ടങ്ങൾ സ്വായത്തമാക്കാൻ പര്യാപ്തമായ പഠനരീതികൊണ്ടും, ആത്മാർത്ഥവും കഠിനപ്രയത്നവും ഉള്ള അധ്യാപകകൂട്ടായ്മ കൊണ്ടും, ശുചിത്വ പൂർണ്ണമായ വിദ്യാലയ അന്തരീക്ഷം കൊണ്ടും തിരുപുറം പഞ്ചായത്തിന്റെ അഭിമാന മായും, കുട്ടനിന്നതിൽ പ്രദേശത്തിന് ഒരു കെടാവിളക്കായും കുട്ടനിന്നതിൽ എൽ.എം. എസ് എൽ.പി.എസ് സ്കൂൾ നിലകൊള്ളുന്നു.

## കാഴ്ചപ്പാട്

തിരുപുറം പഞ്ചായത്തിലെ മാങ്കൂട്ടം, പത്തനാവിള, പുത്തൻകട തുടങ്ങിയ വാർഡുകളിലെ നിർദ്ധനരായ കുട്ടികൾക്ക് ഏക ആശ്രയമാണ് കുട്ടനിന്നതിൽ എൽ എം എസ് എൽ പി സ്കൂൾ.

105 വർഷം പിന്നിട്ടിട്ടും ഇന്നും എൽ പി സ്കൂളായി തന്നെ നിലകൊള്ളുന്നു. ഇതിനൊരു മാറ്റം വരണം. പി റ്റി എ യിൽ ഈ വിദ്യാലയത്തെ യു പി സ്കൂളായി ഉയർത്തണമെന്ന അഭിപ്രായം രൂപപ്പെട്ടിട്ടുണ്ട്. ഇത് സഫലമാകണം. ഇനിയും അനേകം വർഷം ധാരാളം കുട്ടികൾക്ക് വിദ്യ നൽകുന്ന ഒരു മാതൃകാസ്ഥാപനമാകണം ഈ സ്കൂൾ. ഹരിതാഭ ഭംഗിയിൽ നൂതന സൗകര്യങ്ങളോടു കൂടിയ ആകർഷകമായ കെട്ടിടവും, ആധുനിക സജ്ജീകരണങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂമുകളും, ശുദ്ധജല ലഭ്യതയ്ക്കുവേണ്ട കുഴൽകിണർ സംവിധാനവും, ചൈൽഡ് ഫ്രണ്ട്ലി ടോയ്‌ലറ്റുകളും, ശുചിത്വപൂർണമായ സ്റ്റോറും, കിച്ചണും ഉൾപ്പെട്ട മികവാർന്ന ഒരു വിദ്യാലയ അന്തരീക്ഷവും ബഹുമുഖപ്രതിഭകളെ വാർത്തെടുക്കുന്ന ഒരു സ്ഥാപനവുമായി വളരണം ഈ വിദ്യാലയം. മാനുഷിക മൂല്യങ്ങൾ ഉൾക്കൊണ്ട്, മികവാർന്ന ജീവിതവിജയം കുടുംബത്തിനും, സമൂഹത്തിനും കാഴ്ചവയ്ക്കാൻ കഴിയുന്ന നവ തലമുറകളെ വാർത്തെടുക്കാൻ ഇനിയും ഈ വിദ്യാലയത്തിനു സാധിക്കും.

## മേഖല : ഭൗതീകം

### ലക്ഷ്യങ്ങൾ

1. സുന്ദരവും സുരക്ഷിതവുമായ ഭൗതീകാന്തരീക്ഷം സംജാതമാക്കുക.
2. പോഷകാഹാര വിതരണത്തിനുള്ള ഊട്ടുപുര ശുചിത്വമുള്ളതാക്കുക.
3. വിദ്യാർത്ഥി സൗഹൃദമായ ക്ലാസ്റൂം ലൈബ്രറി സജ്ജീകരിക്കുക
4. ആകർഷകവും ഗുണപ്രദവുമായ ഭിത്തികൾ രൂപപ്പെടുത്തുക
5. ആരോഗ്യകരവും ശുചിത്വ പൂർണവുമായ ക്ലാസ്മുറികൾ ഒരുക്കുക
6. വിഷരഹിത പച്ചക്കറി കൃഷി-വിദ്യാലയത്തിൽ സംജാതമാക്കുക
7. വിദ്യാലയത്തിന്റെ മികവ് സാങ്കേതിക വിദ്യയിലൂടെ പ്രയോജനപ്പെടുത്തുക
8. കായിക വിദ്യാഭ്യാസ സൗകര്യം സംജാതമാക്കുക

മേഖല : ഭൗതീകം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | ധനകാര്യവിശകലനം | | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|
| | | | | പ്രതീക്ഷിക്കുന്ന ചെലവ് | വഹിക്കുന്ന സമിതി | |
| 1 | ജൈവ വൈവിധ്യപാർക്ക്<br>സ്ഥലപരിമിതിയുള്ളതിനാൽ ലഭ്യമായ സ്ഥലത്ത് ഒരു പൂന്തോട്ടം നിർമ്മിക്കാനേ സാധിക്കുകയുള്ളൂ. പൂന്തോട്ടം നിർമ്മിക്കുക | 2025 ജൂൺ | HM, SRG കൺവീനർ | രൂ : 5000/- | S S G അദ്ധ്യാപകർ | 1 |
| 2 | കിച്ചൺ<br>വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം ആഹാരം പാകം ചെയ്യുന്നയിടം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഭാഗം. ചുവര് ആകർഷകമാക്കണം. Floor - Tiles പാകണം | 2025-ൽ | HM | രൂ :40,000/- | മാനേജ്മെന്റ് | 2 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനകാര്യവിശകലനം | | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|
| | | | | പ്രതീക്ഷിക്കുന്ന ചെലവ് | വഹിക്കുന്ന സമിതി | |
| 6 | <u>ക്ലാസുകളിൽ വൈറ്റ് ബോർഡുകൾ</u><br>പൊടിരഹിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ വൈറ്റ് ബോർഡ് സഹായകമാകും. വൈറ്റ് ബോർഡ് ക്രമീകരിക്കൽ | രണ്ടുവർഷത്തിനുള്ളിൽ | പൂർവ്വ വിദ്യാർത്ഥികൾ, പി റ്റി എ | രൂ : 15,000/- | പൂർവ്വ വിദ്യാർത്ഥികൾ | 5 |
| 7 | <u>ബഞ്ചും ഡസ്ക്കും</u><br>ഒന്ന്, രണ്ട് ക്ലാസുകാർക്കനുയോജ്യമായ ബഞ്ചും, ഡസ്ക്കും ആവശ്യമാണ്. ബഞ്ചും ഡസ്ക്കും നിർമ്മാണം | രണ്ടുവർഷത്തിനുള്ളിൽ | മാനേജ്മെന്റ് പി റ്റി എ | രൂ : 100000/- | മാനേജ്മെന്റ് | 5 |

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹികം

ലക്ഷ്യങ്ങൾ

1. സാമൂഹികശാസ്ത്രപഠനശേഷി വികസിപ്പിക്കുക
2. സാമൂഹികശാസ്ത്രപഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
3. സാമൂഹികശാസ്ത്രപഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക
4. സാമൂഹികശാസ്ത്രപഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക
5. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | <u>ഞാൻ ഒറ്റയ്ക്കല്ല (കുഞ്ഞുകഥകൾ)</u><br>മനുഷ്യന് ഒറ്റയ്ക്ക് ജീവിക്കാൻ സാധ്യമല്ല. മനുഷ്യൻ സാമൂഹികജീവിയാണ്. ഒരുമിച്ചു നിന്നാൽ മാത്രമേ വിജയം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ആശയം വരുന്ന ചെറുകഥകൾ പങ്കുവയ്ക്കുക. | ജൂൺ | അധ്യാപകർ | I-IV | | കഥകേൾക്കാൻ താല്പര്യം വർദ്ധിക്കും. ദേശസ്നേഹം വളർത്താൻ സഹായിക്കും | 1 |
| 2 | <u>നമ്മുടെ രാജ്യം - ഇന്ത്യ</u><br>സ്വാതന്ത്ര്യം നേടിയെടുക്കാൻ കഷ്ടതകൾ വഹിച്ച സ്വാതന്ത്ര്യസമര സേനാനികളെയും നമ്മുടെ രാഷ്ട്രപിതാവിനെക്കുറിച്ചുള്ള ലഘു വിവരണങ്ങളും, അവരുടെ ചിത്രങ്ങളും ജീവിത ചരിത്രങ്ങളുമെല്ലാം പങ്കുവയ്ക്കുക. | ഓഗസ്റ്റ് | അധ്യാപകർ | I-IV | | സന്ദേശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വ്യക്തിപരമായി ഓരോരുത്തരെയും മനസിലാക്കുവാനും സാധിക്കും | |

(ഇ)

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 5 | **ദിനാചരണങ്ങൾ**<br>സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദിനങ്ങൾ വ്യത്യസ്തമത്സരങ്ങൾ നടത്തുക<br>ആൽബം നിർമ്മാണം, പതാക നിർമ്മാണം, കവിതാരചന, കഥാരചന, പോസ്റ്റർ, പതിപ്പുകൾ | ഓഗസ്റ്റ് - ജനുവരി | അധ്യാപകർ<br>H M | I-IV | | സ്വതന്ത്ര്യ സമരസേനാനികൾ, രക്തസാക്ഷികളായവർ, ഈ ദേശം നാം എങ്ങനെ കാത്തുസൂക്ഷിക്കണമെന്നുള്ള കാര്യങ്ങളെല്ലാം മനസിലാക്കാൻ സാധിക്കുന്നു. | 4 |
| 6 | **റാലി**<br>സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ആകർഷകമായ റാലികൾ സംഘടിപ്പിക്കുക | ജൂൺ- നവംബർ | എച്ച് എം &<br>ടീച്ചേഴ്സ്<br>എസ് എസ് ജി<br>പി റ്റി എ | I-IV | രൂപ : 1000/- | സമൂഹത്തെ വിദ്യാലയത്തിനോടടുപ്പിക്കുന്നതിന് സഹായിക്കുന്നു. | |
| 7 | **ബോധവത്ക്കരണ റാലി, പോസ്റ്റുകൾ**<br>സമൂഹത്തെ ലഹരിവസ്തുക്കൾ ഒഴിവാക്കാൻ പ്രേരിപ്പിക്കുന്ന Placards, Posters ഇവ ഉപയോഗിച്ചു കൊണ്ടുള്ള റാലികൾ സംഘടിപ്പിക്കുന്നു. | ജൂൺ | | I-IV | രൂപ : 500/- | നല്ലൊരു നാടിനെ വാർത്തെടുക്കാനുള്ള ഒരു ശ്രമത്തിൽ എല്ലാകുട്ടികളും പങ്കാളികളാകും | 5 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 12 | <u>നേതാക്കൻമാർ, ധീര രക്തസാക്ഷികൾ</u><br>ചുവരുകളിൽ ഭരണകർത്താക്കൾ, സാമൂഹ്യ പരിഷ്കർത്താക്കൾ, കവികൾ തുടങ്ങിയവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ കുഞ്ഞുമനസുകളിൽ ദേശസ്നേഹം ഉണർത്താൻ സഹായകമാകും.<br>'എന്റെ ജീവിതമാണ് എന്റെ സന്ദേശം" ഗാന്ധിജിയുടെ വാക്കുകൾ. ഇത്തരം മഹദ്വചനങ്ങൾ ശേഖരിക്കുക. | ജൂൺ-മാർച്ച് | HM | I-IV | രൂപ : 1000/- | ഇത്തരം മഹത്വചനങ്ങൾ നല്ല ചിന്തകൾ കുഞ്ഞുമനസുകളിൽ നിറയ്ക്കുന്നതിന് സഹായകമാകും | 1,2 |
| 13 | <u>പത്രവായന</u><br>സമൂഹത്തെക്കുറിച്ചറിയുന്നതിന് പത്രവായന നിർബന്ധമാക്കും. ദിനവും പത്രം വായിക്കുന്നതിനുള്ള/കേൾക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | I-IV | | സമൂഹത്തെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് രൂപപ്പെടുത്താൻ സാധിക്കും. | 5 |

## മേഖല : കായികം

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഫുട്ബോൾ<br>ബാസ്ക്കറ്റ് ബോൾ<br>ബാഡ്മിന്റൻ<br>ക്രിക്കറ്റ്<br>അത്‌ലറ്റിക്സ്<br>കുട്ടികളെ അവരുടെ അഭിരുചിയ്ക്കനുസരിച്ചും ശരീര ഘടനയ്ക്കും അനുസരിച്ച് സെലക്ട് ചെയ്ത് ഓരോ ഗയിം പരിശീലിപ്പിക്കുന്നു. സ്കൂൾ ടീം ഉണ്ടാകുന്നു. പഠനസമയത്തിനു ശേഷം പ്രത്യേക അഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു. | കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നു. മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും കൈവരുത്തുന്നു. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നു. | പി റ്റി എ പ്രതിനിധികൾ കായിക അദ്ധ്യാപകർ, എച്ച്. എം, സ്കൂൾ സ്റ്റാഫ്സ് | ഓരോ ഗെയിമും സെലക്ട് ചെയ്ത് പരിശീലിപ്പിച്ചെടുക്കാൻ 4-5 മാസം വേണ്ടിവരും. | ഗ്രൗണ്ട്<br>ഫുട്ബോൾ<br>ബാസ്കറ്റ് ബോൾ<br>ഷട്ടിൽ ബാറ്റ്<br>ഷട്ടിൽ കോക്ക്<br>ക്രിക്കറ്റ് ബാറ്റ്<br>ക്രിക്കറ്റ് ബാൾ<br>സ്റ്റമ്പ്സ്<br>അത്‌ലറ്റിക്സ്<br>ഷോട്ട് പുട്ട്<br>Long jump pit<br>Disc |

## മേഖല : ആരോഗ്യം

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1. സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്.<br><br>2. ശുചിത്വ ശീലങ്ങൾ പാലിക്കുകയും, പ്രകൃതിക്കനുഗുണമായി ജീവിക്കുകയും ചെയ്താൽ ആരോഗ്യം കാത്തു സൂക്ഷിക്കാം. | → യോഗ (ഡോക്ടറുടെ സാന്നിധ്യത്തിൽ) | HM | യോഗദിനത്തിൽ | |
| | → ശുചിത്വക്ലബ് രൂപീകരണം | ശുചിത്വക്ലബ് കൺവീനർ | ജൂൺ | |
| | → എല്ലാവരും ശുചിത്വം പാലിക്കുന്നുണ്ടോ എന്നറിയാൻ ശുചിത്വചാർട്ട് (Checklist) | ക്ലാസ് ടീച്ചർ | ജൂൺ- മാർച്ച് | 1000/- |
| | → ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ ബോധവത്ക്കരണ ക്ലാസ് | HM<br>PTA | ജൂലൈ | |
| | → അഭിനയഗാനങ്ങൾ ആരോഗ്യവുമായി ബന്ധപ്പെട്ടത് അവതരിപ്പിക്കൽ | ക്ലാസ് ടീച്ചർ | ആഗസ്റ്റ് | |

# വാർഷിക പദ്ധതി

| മാസം | ദിനത്തിന്റെ പ്രാധാന്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം | വഹിക്കുന്ന സമിതി |
|---|---|---|---|---|
| ആഗസ്റ്റ് | • ലോക സൗഹൃദ ദിനം<br>• ഹിരോഷിമ ദിനം<br>• നാഗസാക്കി ദിനം<br>• സ്വാതന്ത്ര്യ ദിനം | • സുഹൃത്ത് ബന്ധങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്ന കഥകൾ, ജീവിത ചരിത്രം, വായന<br>• ഹിരോഷിമയിലും നാഗസാക്കിയിലും ജനങ്ങളുടെ അവസ്ഥാ ദോഷങ്ങളെക്കുറിച്ച് വിവരിക്കൽ<br>• പോസ്റ്റർ, പതാക ഉയർത്തൽ, മധുരം നൽകൽ, ക്വിസ്, ദേശഭക്തിഗാനം, പ്രസംഗം, കലാപരിപാടികൾ | 1000/- | പി റ്റി എ |
| സെപ്റ്റംബർ | • അധ്യാപകദിനം<br>• നേത്രദാന ദിനം<br>• ഓസോൺ ദിനം<br>• ലോകവിനോദ സഞ്ചാരദിനം | • അധ്യാപകരെ അനുകരിച്ച് ക്ലാസ്, ഡോ. രാധാകൃഷ്ണനെക്കുറിച്ച് വിവരണം<br>• നേത്രത്തിന്റെ പ്രാധാന്യം<br>• പരിസ്ഥിതി സംരക്ഷണം, ബോധവത്ക്കരണം, ഓസോൺ പാളികളുടെ സംരക്ഷണം, പോസ്റ്റർ<br>• പ്രകൃതി-ചിത്രം, വര, വിനോദസഞ്ചാര കേന്ദ്രങ്ങൾ Map നോക്കി കണ്ടെത്തൽ | | |

# വാർഷിക പദ്ധതി

| മാസം | ദിനത്തിന്റെ പ്രാധാന്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം | വഹിക്കുന്ന സമിതി |
|---|---|---|---|---|
| ഒക്ടോബർ | • രക്തദാന ദിനം<br>• ഗാന്ധി ജയന്തി (ലോക അഹിംസാ ദിനം)<br>• ഐക്യരാഷ്ട്ര ദിനം<br>• ദേശീയോദ്ഗ്രഥന ദിനം | • "രക്തം നൽകൂ" എന്ന സന്ദേശം<br>• പതിപ്പ്, ചരിത്രം വര, ക്വിസ്, പ്രസംഗം, ദേശഭക്തി ഗാനം, മുദ്രാവാക്യം<br>• രാജ്യങ്ങളുടെ/സംസ്ഥാനങ്ങളുടെ/ വ്യക്തികളുടെ ഐക്യത്തെക്കുറിച്ച് ചർച്ച<br>• ഐക്യത്തിൽ ആവശ്യകതയെ കുറിച്ച് വിവരണം തയ്യാറാക്കൽ | | |
| നവംബർ | • കേരള പിറവി<br>• പതാക ദിനം<br>• ശിശുദിനം | • ജിഗ്സോ പസിൽ, കേരളത്തിന്റെ തനത് സംസ്കാരം വിളിച്ചോതുന്ന ഗാനങ്ങൾ<br>• വിവിധ രാജ്യങ്ങളുടെ പതാക പരിചയപ്പെടൽ, പതാക നിർമ്മാണം<br>• കലാപരിപാടികൾ, നെഹ്റുവിന്റെ സന്ദേശങ്ങൾ, പുസ്തകങ്ങൾ, ഇവ പരിചയപ്പെടുത്തൽ, വർണാഭമായ റാലി, മധുരം നൽകൽ | | |

# വാർഷിക പദ്ധതി

| മാസം | ദിനത്തിന്റെ പ്രാധാന്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം | വഹിക്കുന്ന സമിതി |
|---|---|---|---|---|
| ഡിസംബർ | • എയ്ഡ്സ് ദിനം<br>• അനുഷ്യാവകാശ ദിനം<br>• ക്രിസ്തുമസ്സ് | • ചർച്ച- ജീവിതചര്യയിൽ വരുത്തേണ്ട മാറ്റങ്ങൾ, രോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി രേഖപ്പെടുത്തൽ<br>• അവകാശങ്ങൾ മനസിലാക്കൽ<br>• ക്രിസ്തുമസ്സ് കരോൾ ദിനസന്ദേശം ക്രിസ്തുമസ്സ് ഫാദർ, ക്രിസ്തുമസ് ട്രീ ഒരുക്കി നിർമ്മാണ വിതരണം ചെയ്യൽ, മധുരം നൽകൽ, സദ്യ | | |
| ജനുവരി | • പുതുവത്സര ദിനം<br>• റിപ്പബ്ലിക് ദിനം<br>• രക്തസാക്ഷി ദിനം<br>• പഠനയാത്ര | • പുതുവർഷം സ്വാഗതം ചെയ്യൽ<br>• പതാക ഉയർത്തൽ, മധുരം നൽകൽ<br>• വായനക്കുറിപ്പ് തയ്യാറാക്കൽ, ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• യാത്രാ വിവരണം, കുറിപ്പ് തയ്യാറാക്കൽ | | |

## ഉപസംഹാരം

പുത്തൻ സ്വപ്നങ്ങളും, പ്രതീക്ഷകളും സഫലമാക്കുന്നതിനുള്ള യാത്രയിലാണ് കുട്ടനിന്നതിൽ എൽ എം എസ് എൽ പി സ്കൂൾ. എല്ലാ പഠനനേട്ടങ്ങളും മികച്ച സാങ്കേതിക വിദ്യയും കരസ്ഥമാക്കി സമൂഹത്തിലെ ഉന്നതരായി തീരുന്നതിനും, എല്ലാ മേഖലകളിലും പ്രശോഭിക്കുന്ന മഹത് വ്യക്തികളെയും, പ്രകൃതി സ്നേഹികളെയും, കവികളെയും വാർത്തെടുന്നുക്കതിനുള്ള ഒരു ജാലകമാകട്ടെ കുട്ടനിന്നതിൽ എൽ എം എസ് എൽ പി സ്കൂളിലെ 'സുവർണ്ണ ജാലക'മെന്ന ഈ അക്കാദമി മാസ്റ്റർ പ്ലാൻ.